ആളുകൾ ഉന്നയിക്കുന്നതാണ്. ഇവിടെ 6 മാസത്തിനുമുമ്പ് പാല ത്തിന് തറക്കല്ലിട്ടുവെങ്കിലും ഗവൺമെൻറ് സാങ്ഷൻ ലഭ്യമാകാ ത്തതുകൊണ്ട് മൂന്നു പ്രാവശ്യമായി ടെൻഡർ നീട്ടിക്കൊണ്ടു പോകുക യാണ്. അതുപോലെതന്നെ കടൽഭിത്തിക്ക് അനുമതി കിട്ടാത്തതു മൂലം പണി തുടങ്ങിയിട്ടില്ല. രൂക്ഷമായ കടലാക്രമണമുണ്ടായതു നിമിത്തം പ്രധാനമന്ത്രിയുൾപ്പെടെയുള്ള നേതാക്കൻമാരും നമ്മുടെ മന്ത്രിമാരുൾപ്പെടെ പലരും പലപ്രാവശ്യം പനത്തുറ സന്ദർശി ച്ചതാണ്. ഈ സന്ദർഭത്തിലെങ്കിലും പനത്തുറയിൽ പാലവും കടൽഭിത്തിയും നിർമ്മിക്കുന്നതിന് അടിയന്തിരമായി അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പനത്തുറയിൽ പാലത്തിന്റെ തറക്കല്ലിട്ടതാണ്. സാങ്ഷൻ കൊടുത്തി ട്ടില്ലെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. 1985-ലാണ് തറക്കല്ലിട്ടത്. ഏതായാലും അവിടെ കടൽഭിത്തി കെട്ടേണ്ടതു് അത്യാ വശ്യമാണെന്ന് ഗവൺമെൻറിനു് ബോദ്ധ്യമുണ്ട്. ഈ ആവശ്യം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ഗവൺമെൻറ് പരിഗണിക്കുന്നതാണ്.

(6) കാസർകോഡു ജില്ലയിലെ ഉദുമയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടെക്സ്റ്റൈൽ മില്ലിനുവേണ്ടിയുള്ള പണികൾ

ശ്രീ. കെ. പുരുഷോത്തമൻ: സർ, കാസർകോട് ജില്ലയിൽപ്പെട്ട ഉദുമാ ടെക്സ്റ്റൈയിൽസിന്റെ തറക്കല്ലിട്ടത്, 1982-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദാണ്. 1986 ആയിട്ടും അതിന്റെ പണി പൂർത്തിയായിട്ടില്ല. ഇപ്പോൾ അവിടെ പണിതീരി ക്കുന്നത് ഒരു ചെറിയ കോട്ടൻ ഷെഡ്ഡും കമ്പിവേലിയും മാത്രമാണ്. ഈ പ്രവർത്തനങ്ങൾക്കുവേണ്ടി ഏകദേശം 45 ലക്ഷം രൂപ ഇതിനകം ചെലവാക്കി കഴിഞ്ഞുവെന്നാണ് അറിയുന്നത്. ഈ ഉദുമാ ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം തുടർന്നു നടത്താൻ കഴിയുമോ യെന്നുള്ള ആശങ്ക അവിടത്തെ ജനങ്ങൾക്കുണ്ട്. കേന്ദ്ര ഗവൺമെൻറ് നൽകിയ ലൈസൻസിന്റെ കാലാവധി തീർന്നു, പുതിയ ടെക്സ്റ്റൈയിൽ നയത്തിന്റെ വെളിച്ചത്തിൽ ഈ വ്യവസായത്തിന് ലൈസൻസ് പുതുക്കി കൊടുക്കുമോ എന്ന കാര്യം സംശയമാണ്. അതുകൊണ്ട് രണ്ടായിരത്തോളം ആളുകൾക്ക് തൊഴിൽ നൽകാവുന്ന ഈ വ്യവസായം തുടർന്നു നടത്തുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, വ്യാവസാ യികമായി പിന്നോക്കം നിൽക്കുന്ന കാസർകോഡ് ജില്ലയിൽ, ഉദുമയിൽ ഒരു ടെക്സ്റ്റൈയിൽ മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെൻറ് എടുത്തിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെൻറ് സ്പിന്നിംഗ് മില്ലുകളെ സംബന്ധിച്ചിടത്തോളം ചില നിയന്ത്രണം വച്ചതുകൊണ്ട് മാത്രം താമസിച്ചതാണ്. സാമ്പത്തിക സ്ഥാപനങ്ങ ളിൽനിന്നും പണം കിട്ടിയെങ്കിൽ മാത്രമേ ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഈ കഴിഞ്ഞ 25-ാം തീയതിപോലും കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ശ്രീ. വിശ്വനാഥ് പ്രതാപ് സിംഗിനെ കണ്ട് സംസ്ഥാന ഗവൺമെൻറ് ഏറെടുത്തിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതും പണം നിക്ഷേപിച്ചിട്ടുള്ളതുമായ പദ്ധതികൾക്ക് സാങ്ഷൻ നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. കാസർകോട്ടെ ഈ സ്ഥാപനവുമായി മുന്നോട്ടുപോകണമെന്ന് ഗവൺമെൻറിന് അങ്ങേയറ്റത്തെ ആഗ്രഹമുണ്ട്. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെൻറ് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറ് യാതൊരു താല്പര്യക്കുറവും കാണിച്ചിട്ടില്ല. കേന്ദ്രഗവൺമെൻറിൻെറ നിബന്ധനകൾക്ക് വിധേയമായതുകൊണ്ടു മാത്രമാണ് ഇത് താമസിച്ചുപോയത്. അതുകൊണ്ട് ഇതിനുള്ള അനുമതി കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഇനി വല്ല പ്രയാസവും ഉണ്ടെങ്കിൽ, ഇതിനെ വല്ല ഡൈവേഴ്സിഫിക്കേഷൻ വഴി, സിൻതെറ്റിക് യാൺ മുതലായവ ആക്കിമാറ്റി കേന്ദ്ര ഗവൺമെൻറിൻെറ നിയന്ത്രണത്തിന് വിധേയമല്ലാത്ത നിലയിൽ കൊണ്ടുപോകാൻ സാധിക്കുമോ എന്ന കാര്യവും സംസ്ഥാന ഗവൺമെൻറ് പരിഗണിച്ചുവരികയാണ്.

(7) നെയ്യാർ ഡാമും പരിസരവും വികസിപ്പിക്കുന്ന നടപടി

ശ്രീ. എസ്.ആർ. തങ്കരാജ്: സർ, നെയ്യാർ ഡാമിൻെറയും പരിസരപ്രദേശത്തിൻെറയും ശോചനീയാവസ്ഥ ബഹുമാനപ്പെട്ട ഇറിഗേഷൻ മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടെ തുടങ്ങിയകാലത്ത് വൈദ്യുതവിളക്കുകൾകൊണ്ടുള്ള ഇല്യൂമിനേഷൻ ഉണ്ടായിരുന്നതുകൊണ്ട് വളരെ മനോഹരമായിരുന്നു. അന്ന് 39 തൊഴിലാളികൾ ഉണ്ടായിരുന്നു. ഇന്ന് അവരുടെയെണ്ണം ശോഷിച്ച് ശോഷിച്ച് പതിനൊന്നിൽ എത്തിയിരിക്കുകയാണ്. അവിടെ യാതൊരു വികസനപ്രവർത്തനങ്ങളും നടത്തുന്നില്ല. ഈ ഡാമും പരിസരപ്രദേശവും വികസിപ്പിക്കുന്നതിനുവേണ്ടി വേൾഡ് ബാങ്കിൻെറയും അതുപോലെതന്നെ നാഷണൽ വാട്ടർ മാനേജുമെൻറ് പ്രോജക്ടിൻെറ എത്രകോടി രൂപ വേണമെങ്കിലും—ഏകദേശം 100 കോടി രൂപ വരെ കൊടുക്കാൻ തയ്യാറാണ്. ഡൽഹിയിൽ നടന്ന കോൺഫറൻസിൽ (നാഷണൽ വാട്ടർ മാനേജ്മെൻറ് പ്രോജക്ട്) ഉടൻതന്നെ അതിൻെറ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയിരുന്നു. എന്നാൽ അതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർമാരോ കൂടെയുള്ള മറ്റ് ഉദ്യോഗസ്ഥൻമാരോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിൻെറ പ്രോജക്ട് റിപ്പോർട്ട് കൊടുത്താൽ അടിയന്തിരമായി വേൾഡ് ബാങ്കിൻെറ സഹായം ലഭിക്കുന്നതാണ്. അതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ ഡാമിൻെറയും പരിസരത്തിൻെറയും വികസനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നെയ്യാർ ഡാമിനെ സംബന്ധിച്ചിടത്തോളം പരിസരം വേണ്ടതുപോലെ പരിരക്ഷിക്കുന്നതിനും, ദീപാലങ്കാരവും, പൂന്തോട്ടവും ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനും, ആവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരുന്നുണ്ട്. അതിന് ആവശ്യമായ ജീവനക്കാർ കുറവാണ്. പക്ഷേ ഇവിടത്തെ വൈദ്യുതി ലൈനിനെ സംബന്ധിച്ചിടത്തോളം വളരെ പഴക്കം ചെന്ന വൈദ്യുതി ലൈനാണ്. അതുകൊണ്ട് അതൊക്കെ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly